Draft #3 of File AcD/2/1119/MTTM/Eq/2019 Approved by ASSISTANT REGISTRAR III (ACADEMIC) on 28-Jan-2020 12:13 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>**സംഗ്രഹം**</u>

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ സർവകലാശാല , ന്യൂഡൽഹി അവാർഡ് ചെയ്ത Bachelor of Science (Hospitality and Hotel Administration) (വിദൂര വിദ്യാഭ്യാസം) ബിരുദം മഹാത്മാഗാന്ധി സർവകലാശാലയിൽ Master of Tourism and Travel Management (MTTM) കോഴ്സിന് ചേരാനുള്ള യോഗ്യതയാക്കി കൊണ്ടുള്ള അംഗീകാരം -അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു

**അക്കാദമിക് ഡി സെക്ഷൻ**

നമ്പർ. 490/AC D/2020/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 28.01.2020

*പരാമർശം:*-1) ശ്രീമതി സുഹർബാൻ കെ കെ ബഹു.വൈസ് ചാൻസലർ മുമ്പാകെ 28.12.2018 ന് സമർപ്പിച്ച ഇമെയിൽ അപേക്ഷ

2) ഡീൻ,ഫാക്കൽറ്റി ഓഫ് ടൂറിസം & ഹോസ്പിറ്റാലിറ്റി സ്റ്റഡീസ് അഭിപ്രായം രേഖപ്പെടുത്തി 22.04.2019 ൽ നൽകിയ കത്ത്

3) 30.11.2019 ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പ് ഇനം നമ്പർ 133/AcD/2/1119/MTTM/Eq/2019 (31.12.2019 ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (19.11) ഇനം നമ്പർ 01/19.11/190797 ആയി സമർപ്പിച്ചത്)

<u>**ഉത്തരവ്**</u>

1) ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ സർവകലാശാലയിൽ നിന്നും നേടിയ Bachelor of Science (Hospitality and Hotel Administration) ബിരുദം മഹാത്മാഗാന്ധി സർവകലാശാലയിൽ Master of Tourism and Travel Management (MTTM) കോഴ്സിന് ചേരുന്നതിനുള്ള യോഗ്യതയായി അംഗീകരിക്കുന്നതിനു പരാമർശം (1) പ്രകാരം അപേക്ഷ ലഭിക്കുകയുണ്ടായി.

2) ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ സർവകലാശാല അവാർഡ് ചെയ്ത Bachelor of Science (Hospitality and Hotel Administration) ബിരുദം മഹാത്മാഗാന്ധി സർവകലാശാലയിൽ MBA, Master of Management in Hospitality (MMH), Master of Human Resource Management (MHRM) എന്നീ കോഴ്സുകൾക്ക് ചേരാനുള്ള യോഗ്യതയായി അംഗീകരിച്ചിട്ടുള്ളതാണ്.

3) ഏതെങ്കിലും അംഗീകൃതബിരുദം പ്രവേശന യോഗ്യതയായുള്ള MBA,MHRM,MMH എന്നീ കോഴ്സുകൾക്ക് ചേരാനുള്ള യോഗ്യതയായി IGNOU യുടെ Bachelor of Science (Hospitality and Hotel Administration) ബിരുദം അംഗീകരിച്ചിട്ടുള്ളത് പരിഗണിച്ച്, പ്രസ്തുത ബിരുദം MTTM കോഴ്സിന് ചേരാനുള്ള യോഗ്യതയായി അംഗീകരിക്കാനാകുമോ എന്ന വിഷയത്തിൽ ഡീൻ, ഫാക്കൽറ്റി ഓഫ് ടൂറിസം & ഹോസ്പിറ്റാലിറ്റി സ്റ്റഡീസിന്റെ വിദഗ്ധാഭിപ്രായം തേടുകയുണ്ടായി. ടി പ്രോഗ്രാമിന്റെ കോഴ്സ് ഉള്ളടക്കം, MTTM പ്രോഗ്രാമിന് പ്രവേശനയോഗ്യമായി നിലവിൽ

അംഗീകരിച്ചിട്ടുള്ള ബിരുദങ്ങളുടേതിന് സമാനമാണെന്നും അതിനാൽ MTTM പ്രോഗ്രാമിനു ചേരാനുള്ള യോഗ്യതയായി കണക്കാക്കാമെന്നും പരാമർശം (2) പ്രകാരം ഡീൻ ശിപാർശ ചെയ്തു.

4) അക്കാദമിക് കൗൺസിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും പരാമർശം (3) പ്രകാരം ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ സർവകലാശാല അവാർഡ് ചെയ്ത ബാച്ചലർ ഓഫ് സയൻസ് (ഹോസ്പിറ്റാലിറ്റി & ഹോട്ടൽ അഡ്മിനിസ്ട്രേഷൻ) ബിരുദം മഹാത്മാഗാന്ധി സർവകലാശാലയിൽ Master of Tourism and Travel Management കോഴ്സിന് ചേരുന്നതിനുള്ള യോഗ്യതയായി അംഗീകരിക്കുവാൻ തീരുമാനമെടുക്കുകയും ചെയ്തു.

5) തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

പകർപ്പ്

1. ശ്രീമതി. സുഹർബാൻ കെ കെ
2. പ്രൈവറ്റ് സെക്രട്ടറി (വി.സി./പി.വി.സി.)
3. രജിസ്ട്രാർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ
4. ജെ.ആർ. II (ഭ.വി )
5. എ.ആർ./ ഡി.ആർ.(അക്കാദമിക്)
6. എ.സി.സി. സെക്ഷൻ
7. കണ്ടന്റ് മാനേജ്മന്റ് സെക്ഷൻ
8. ഐ.ക്യു.എ.സി.
9. കരുതൽ ഫയൽ/ഫയൽ പകർപ്പ്

Draft #3 of File AcD/2/1119/MTTM/Eq/2019 Approved by ASSISTANT REGISTRAR III (ACADEMIC) on 28-Jan-2020 12:13 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം